"ഭരണഭാഷ-മാതൃഭാഷ"

***PWD യുമായി നടക്കുന്ന***
***29.08.2014-ലെ മീറ്റിംഗ്***

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം.
തീയതി: 16/08/2014.

നമ്പർ.ഇ7/22587/11

ട്രെയിനിംഗ് ഡയറക്ടർ

പ്രിൻസിപ്പാൾ
ഐ.ടി.ഐ. കളമശ്ശേരി, കയ്യൂർ, വനിത കഴക്കൂട്ടം, വനിത ചെങ്ങന്നൂർ, ചാക്ക, അരീക്കോട്, ചെങ്ങന്നൂർ, ധനുവച്ചപുരം, വനിത കണ്ണൂർ, മലമ്പുഴ, ആറ്റിങ്ങൽ, പള്ളിക്കത്തോട്, ഏറ്റുമാനൂർ, കൊല്ലം, ബി.റ്റി.സി. കൊല്ലം, കണ്ണൂർ, മാള, ചാലക്കുടി, മണീട്, വനിത ചാലക്കുടി, ആര്യനാട്, കല്പറ്റ, കുഴൽമന്ദം, നിലമ്പൂർ, കോഴിക്കോട്, ചേലക്കര, ഇളമാട്, മലയിൻകീഴ്, വനിത കോഴിക്കോട്, കട്ടപ്പന, വാണിയംകുളം, ചെന്നീർക്കര, സീതാംഗോളി, ചാത്തന്നൂർ, പേരാവൂർ, മണലൂർ, പുല്ലൂർ, രാജക്കാട്, മടിക്കൈ.

റീജണൽ ജോയിന്റ് ഡയറക്ടർ, കണ്ണൂർ.

ആർ.ഐ. സെന്റർ, ചാക്ക.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടർ അവർകളും ചീഫ് എഞ്ചിനീയറും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ നടക്കുന്ന മീറ്റിംഗ് - സംബന്ധിച്ച്.

*******

2004-05 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെയുള്ള വിവിധ സ്വഭാവത്തിലുള്ള കെട്ടിടം പണികൾ ഇതുവരെ പൂർത്തിയാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടതിനാൽ ടി വർക്കുകൾ അടിയന്തിര പ്രാധാന്യത്തോടു കൂടി ചെയ്തു തീർക്കുവാൻ ആവശ്യമായ നിർദ്ദേശം ചീഫ് എഞ്ചിനീയർ അവർകൾക്ക് നൽകുകയും ടി ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ അവർകളും ചീഫ് എഞ്ചിനീയറും ഉൾപ്പെടെ ഒരു റിവ്യൂ 29.08.2014-ൽ പകൽ 11.30 ന് തിരുവനന്തപുരത്തെ, തൈയ്ക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താങ്കൾ നിർബന്ധമായും താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ രണ്ട് പകർപ്പുകൾ സഹിതം ടി മീറ്റിംഗിൽ നിർബന്ധമായും ഹാജരാകേണ്ടതാണ്. മീറ്റിംഗിൽ പങ്കെടുക്കാത്ത പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ടി പ്രൊഫോർമയിൽ ഓരോ ശീർഷകത്തിലും അനുമതി നൽകിയതിന്റെ വർക്കുകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി മീറ്റിംഗിന് മുൻപായി കവറിംഗ് ലറ്റർ സഹിതം ഒരു കോപ്പി ഇ7 സെക്ഷന് കൈമാറേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

# പ്രൊഫോർമ

ശീർഷകം :

ഐ.ടി.ഐ.യുടെ പേര്:

| ക്രമ നമ്പർ | വർക്കിന്റെ സ്വഭാവം | അനുവദിച്ച തുക, ഉത്തരവ് നമ്പർ, തീയതി | PWD വർക്ക് പൂർത്തിയാക്കിയിട്ടുണ്ടോ | ഇതുവരെ എത്ര ശതമാനം വർക്ക് പൂർത്തിയാക്കി | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ടി വർക്ക് എന്നാണ് തീർക്കേണ്ടത് | ടി വർക്ക് പൂർത്തിയാക്കുവാൻ താങ്കൾ സ്വീകരിച്ച നടപടി | PWD അധികൃതർ ടി വർക്കുകൾ പൂർത്തീകരിച്ചുവെങ്കിൽ ടി കത്തിന്റെ പകർപ്പ് | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

പ്രിൻസിപ്പൽ

ആർ.ഇ.16.8.14